
അദ്ധ്യാപകരുടെ ഒരു ലോകസംഘടന

കോന്നിയൂർ നരേന്ദ്രനാഥ്


അദ്ധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഒരു അഖിലലോകസമ്മേളനം ഈ ആഗസ്റ്റ്മാസം ആദ്യവാരത്തിൽ ആംസ്റ്റർഡാമിൽ ചേരുകയുണ്ടായി. വിദ്യാഭ്യാസത്തിൽ പ്രാമാണ്യം നൽകേണ്ട നിരവധി പ്രശ്നങ്ങളെക്കുറിച്ച് ആധികാരികമായി ചർച്ചകൾ നടത്തി ശുപാർശകൾ ചെയ്യുവാൻ ഇവർ ശ്രമിക്കുന്നു. വിവിധരാജ്യങ്ങളിലെ അദ്ധ്യാപകസംഘടനകൾ ചേർന്നുള്ള ലോകസംഘടനയാണ് ഇതു്. അറുപതു രാജ്യങ്ങളിൽനിന്നു് ഇങ്ങനെ അംഗങ്ങൾ ചേർന്നിട്ടുമുണ്ടു്. അദ്ധ്യാപകരുടെ സാമൂഹ്യപ്രാധാന്യത്തിനനുസരണമായി വിദ്യാഭ്യാസത്തിൽ അവർക്കു സ്വാധീനം ചെലുത്താനുള്ള അവസരം കൈവരുത്തുകയെന്നതാണു ലോകസംഘടനയുടെ (The world confederation of Organisations of the Teaching Profession) ലക്ഷ്യം. ഇതു സ്ഥാപിതമായതു് 1952-ൽ ഡെന്മാർക്കിലെ കോപ്പൻഹേഗൻനഗരത്തിൽ വച്ചാണ്. അതിനുശേഷം, 1953-ൽ ഓക്സ്ഫോഡിലും, 1954-ൽ ഓസ്ലോയിലും, 1955-ൽ ഈസ്റ്റാംബുളിലും, 1956-ൽ മാനിലയിലും, 1957-ൽ ഫ്രാങ്ക് ഫർട്ടിലും, 1958-ൽ റോമിലും, 1959-ൽ വാഷിംഗ്ടണിലും, ഇക്കൊല്ലം ആംസ്റ്റർഡാമിലും അഖിലലോകസമ്മേളനങ്ങൾ ചേരുകയുണ്ടായിട്ടുണ്ടു്. വരുന്നകൊല്ലം ന്യൂഡൽഹിയിലായിരിക്കും സമ്മേളിക്കുക. ഓരോ കൊല്ലവും വിശദമായ ചർച്ചയ്ക്കു തിരഞ്ഞെടുക്കുന്ന വിഷയം അദ്ധ്യാപകർക്ക് അത്യന്തം താല്പര്യമുള്ളതായിരിക്കും. അങ്ങനെ നിശ്ചയിക്കുന്ന വിഷയത്തെക്കുറിച്ചുള്ള ചോദ്യാവലി എല്ലാ അംഗങ്ങൾക്കും ലഭിക്കുന്നതാണ്. അംഗങ്ങളിൽനിന്നു കിട്ടുന്ന ഉത്തരങ്ങൾ പ്രതിനിധി സമ്മേളനത്തിൽ ചർച്ചാവിഷയമാകും. അതിനുശേഷം അവിടുത്തെ നടപടികൾ വിശദമായ റിപ്പോർട്ടായി പ്രസിദ്ധപ്പെടുത്തുന്നു. ഇക്കൊല്ലത്തെ സമ്മേളനത്തിന്റെ ചർച്ചാവിഷയം "കുട്ടികളുടെ ആരോഗ്യവും, വിദ്യാലയവും" എന്നതായിരുന്നു.

അദ്ധ്യാപകന്മാരുടെ ഈ ലോകസംഘടന രാഷ്ട്രീയം, കക്ഷിരാഷ്ട്രീയം, മതപരം, വർഗ്ഗവർണ്ണപരം എന്നിങ്ങനെയുള്ള കാര്യങ്ങളെയോ അവയിൽനിന്നുത്ഭവിക്കുന്ന പ്രശ്നങ്ങളെയോ ചർച്ചയിൽ ഉൾപ്പെടുത്തുന്നതല്ല. വർണ്ണവിവേചനം അതിലില്ല. ഈ ലോകകൺഫെഡറേഷനിൽതന്നെ രണ്ടു ഫെഡറേഷനുകൾ ഉണ്ടു്. പ്രൈമറിസ്കൂൾ അദ്ധ്യാപകരുടെയും സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെയും താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്നവയാണ് അവ. ആദ്യത്തേതിന്റെ പേരു് ഇന്റർനാഷണൽ ഫെഡറേഷൻ ആഫ് ടീച്ചേഴ്സ് അസ്സോസിയേഷൻസ് (I. F. T. A) എന്നും രണ്ടാമത്തേതിന്റെ പേരു് ഇന്റർനാഷണൽ ഫെഡറേഷൻ ആഫ് സെക്കൻററി ടീച്ചേഴ്സ് അസ്സോസിയേഷൻസ് (I. F. S. T. A) എന്നും ആകുന്നു. കൺഫെഡറേഷന്റെ ഘടകങ്ങളാണിവ. കൂടുതൽ ഘടകങ്ങൾ കൂടി അംഗങ്ങളായിത്തീരാവുന്നതാണ്.

അദ്ധ്യാപകവൃത്തി ജീവിതത്തൊഴിലായി സ്വീകരിച്ചിട്ടുള്ളവരുടെ സംഘടനകളെ എല്ലാംകൂടി ചേർത്തു് ഒരു വലിയ ലോകസംഘടന ഉണ്ടാക്കുകയെന്നുള്ളതാണ് പ്രധാനമായ ലക്ഷ്യം. ലോകത്തിൽ പരസ്പരധാരണയും, സമാധാനവും, സന്മനോഭാവവും പ്രോത്സാഹിപ്പിച്ചു വളർത്തുവാൻ അതു് ശ്രമിക്കുന്നു. ഇങ്ങനെ ചെയ്യുന്നതു് സമാധാനവും സ്വാതന്ത്ര്യവും മനുഷ്യമഹത്വവും സംരക്ഷിക്കുന്നതിനുള്ള ആഗ്രഹത്താലാണ്. അദ്ധ്യയനസമ്പ്രദായങ്ങൾ മെച്ചപ്പെടുത്തുവാനും വിദ്യാഭ്യാസസംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാനും അദ്ധ്യാപകന്റെ പ്രത്യേകവിഷയങ്ങളിലുള്ള പാണ്ഡിത്യവും തൊഴിൽ പരിശീലനവും മെച്ചപ്പെടുത്തുവാനും അങ്ങനെ അയാളെ യുവലോകത്തിനുവേണ്ടി മെച്ചമേറിയ വിധത്തിൽ സേവനമനുഷ്ഠിക്കുന്നതിനു് സമർത്ഥനാക്കുവാനും ഈ ലോകസംഘടന പരിശ്രമിക്കുന്നതാണ്. അതുപോലെ അദ്ധ്യാപകരുടെ അവകാശങ്ങളെയും ഭൗതികവും ആത്മീയവും ആയ താൽപ്പര്യങ്ങളെയും സംരക്ഷിക്കുവാനും ഈ സംഘടനയ്ക്കു് താല്പര്യമുണ്ടായിരിക്കും. മറ്റൊരു പ്രധാനമായ ലക്ഷ്യം



ഇന്ത്യൻപ്രതിനിധിസംഘം നേതാവു് പ്രൊ. ഡി. സി. ശർമ്മ പൊതുസമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടു നില്ക്കുന്നു. ഗ്രാമീണവിദ്യാഭ്യാസക്കമ്മറ്റിയുടെ അദ്ധ്യക്ഷനെന്ന നിലയിൽ കമ്മററിയുടെ റിപ്പോർട്ടു സമർപ്പിച്ചപ്പോൾ എടുത്ത പടം.



ഉപാദ്ധ്യക്ഷൻ ശ്രീ. ശ്രീനിവാസൻ (നടുക്ക്) കോംഗോയിലെ പ്രതിനിധിയുടെകൂടെ.

വിവിധരാജ്യങ്ങളിലെ അദ്ധ്യാപകർ തമ്മിൽ കൂടുതൽ അടുത്തബന്ധം സ്ഥാപിച്ച് അതു വളർത്തുകയെന്നുള്ളതാണ്.

ഈ കൺഫെഡറേഷൻെറ സംഘടനയിൽ പ്രതിനിധികൾചേർന്നുള്ള ഒരു അസംബ്ലിയും, ഒരു എക്സിക്യൂട്ടീവ് കമ്മററിയും, ഒരു അഡ്മിനിസ്ട്രേററീവ് സെക്രട്ടറിയേററും ആണുള്ളതു്. എക്സിക്യൂട്ടീവ് കമ്മററിക്ക് പ്രാദേശിക ആഫീസുകൾ സ്ഥാപിക്കാവുന്നതാണ്. കൺഫെഡറേഷനുമായി ബന്ധം സ്ഥാപിച്ചിട്ടുള്ള സംഘടനകൾ നിയമിക്കുന്ന പ്രതിനിധികളാണ് ആദ്യം പറഞ്ഞ അസംബ്ലിയിലെ അംഗങ്ങൾ. സാധാരണയായി അതു് കൊല്ലത്തിലൊരിക്കലാണ് ചേരുക. കുറഞ്ഞതു് രണ്ടുകൊല്ലത്തിലൊരിക്കലെങ്കിലും ചേർന്നിരിക്കേണ്ടതാണെന്ന് നിബ്ബന്ധമുണ്ട്. അംഗങ്ങളുടെ വോട്ടു സംബന്ധിച്ച് ക്ലിപ്തമായ നിബന്ധനകളുണ്ട്. ഈ അസംബ്ലിയുടെ കർത്തവ്യങ്ങളിൽ പ്രധാനമായതു് കൺഫെഡറേഷൻെറ പരിപാടി നിശ്ചയിക്കുകയാണ്. അതുപോലെതന്നെ അവർ എക്സിക്യൂട്ടീവ് കമ്മററിയുടെ പൊതുപ്രവർത്തനറിപ്പോർട്ടുകൾ പരിശോധിക്കുകയും ചെയ്യും. കൺഫെഡറേഷൻെറ താല്പര്യത്തിനനുസരണമായ കാര്യങ്ങൾ അതിൻെറ പരിഗണനയ്ക്കു വന്നാൽ അതും അതു് കൈകാര്യം ചെയ്യുന്നതായിരിക്കും.

എക്സിക്യൂട്ടീവ് കമ്മററിക്ക് ഒരു അദ്ധ്യക്ഷനും ഒരു ഉപാദ്ധ്യക്ഷനും അംഗങ്ങളുമാണുള്ളതു്. അംഗങ്ങളെ തിരഞ്ഞെടുക്കുന്നതിനും, അദ്ധ്യക്ഷനേയും ഉപാദ്ധ്യക്ഷനേയും നിശ്ചയിക്കുന്നതിനും നിബന്ധനകളുണ്ട്. അവരെ തിരഞ്ഞെടുക്കുന്നതു് അസംബ്ലിപ്രതിനിധികളിൽനിന്നുമായിരിക്കും. അവരുടെ സേവനകാലം രണ്ടുകൊല്ലമായിരിക്കും. കൺഫെഡറേഷൻെറ പ്രവർത്തനം നയിക്കുന്നതു് എക്സിക്യൂട്ടീവ് കമ്മററിയാണ്. അതു നിർവ്വഹിക്കുന്നതു് അസംബ്ലിയുടെ നിർദ്ദേശാനുസരണമായിരിക്കും. ഭരണച്ചെലവുകളുടെ ഉത്തരവാദിത്വവും ഇവർക്കുണ്ട്. അസംബ്ലിയുടെ കാര്യപരിപാടി (Agenda) തയ്യാറാക്കുന്നതും ഈ കമ്മററിതന്നെ. അവരുതന്നെയാണ് സെക്രട്ടറി ജനറലിനെ നിയമിക്കുന്നതും.

ഭരണനിർവ്വഹണകാര്യങ്ങളുടെ ഉത്തരവാദിത്വത്തിനാണ് അഡ്മിനിസ്ട്രേററീവ് സെക്രട്ടേറിയേററുള്ളതു്. അതിൻെറ തലവൻ സെക്രട്ടറി ജനറൽ ആകുന്നു. അവിടുത്തെ അസിസ്റ്റൻറന്മാരെ നാമനിർദ്ദേശം ചെയ്യുന്നതു് എക്സിക്യൂട്ടീവ് കമ്മററിയാണ്. സെക്രട്ടറി ജനറലിനെ എക്സിക്യൂട്ടീവ് കമ്മററി തിരഞ്ഞെടുക്കുന്നു. സെക്രട്ടറി കമ്മററിക്ക് വർഷന്തോറും പ്രവർത്തനറിപ്പോർട്ട് സമർപ്പിക്കും. സെക്രട്ടറി ജനറലിൻെറ കർത്തവ്യങ്ങൾ നിർണ്ണയിക്കുന്നതിനു് ഉപനിയമങ്ങൾ ഉണ്ടായിരിക്കും. കൺഫെഡറേഷൻെറ കേന്ദ്രസ്ഥാനം സെക്രട്ടറി ജനറൽ നിവസിക്കുന്ന രാജ്യത്തായിരിക്കുമെന്നാണു വ്യവസ്ഥ. എക്സിക്യൂട്ടീവ് കമ്മററിയുടെ ഇന്നത്തെ അദ്ധ്യക്ഷൻ സർ. റൊനാൾഡ് ഗൗൾഡും (Sir Ronald Gould) ഉപാദ്ധ്യക്ഷൻ ശ്രീ. എസ്. നടരാജനുമാണ്. ശ്രീ. നടരാജൻ ദക്ഷിണഭാരത അദ്ധ്യാപകയൂണിയൻെറ അദ്ധ്യക്ഷനാണ്. ഏറിയകാലമായി അദ്ധ്യാപകരുടെ താല്പര്യങ്ങൾക്കുവേണ്ടിയും വിദ്യാഭ്യാസപരിഷ്കാരങ്ങൾക്കുവേണ്ടിയും ആത്മാർത്ഥമായി സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ശ്രീ. നടരാജൻ മദിരാശി സംസ്ഥാനത്തിലെ ഉപരിസഭയിലെ ഒരംഗംകൂടിയാണ്. ആഗസ്റ്റ്മാസം ആദ്യം ആംസ്റ്റർഡാമിൽ ചേർന്ന സമ്മേളനത്തിൽ പങ്കുകൊണ്ട ശേഷം മടങ്ങിയെത്തിയ അദ്ദേഹവുമായി ഇക്കൊല്ലത്തെ സമ്മേളനത്തെക്കുറിച്ച് ദീർഘനേരം സംസാരിക്കുവാൻ എനിക്ക് അവസരം കിട്ടി. അതങ്ങിനെ നില്ക്കട്ടെ. ഇപ്പോഴത്തെ സെക്രട്ടറി ജനറൽ ഡാ: വില്യം ജി. കാർ ആകുന്നു. കൺഫെഡറേഷനിലെ ഒരു ദേശീയാംഗമാണ് ഭാരതം. ആൾ ഇൻഡ്യാ ഫെഡറേഷൻ ആഫ് എഡ്യൂക്കേഷണൽ അസ്സോസിയേഷൻസ് ആണ് അതിൽ അംഗമായിട്ടുള്ളതു്. ഇതിൽ ഏതാണ്ട് 3,00,000 അംഗങ്ങളോളമുണ്ട്. കൺഫെഡറേഷൻെറ അംഗങ്ങളുടെ എണ്ണത്തെക്കുറിച്ചും പറയട്ടെ. ഇൻഡ്യയിലും ആഫ്രിക്കയിലും നിന്നു 4,02,715-ം, അമേരിക്കകളിൽ നിന്നു് 7,71,430-ം, യൂറോപ്പിലും സമീപപൂർവ്വദേശത്തും നിന്നു് 8,35,090-ം, ശാന്തസമുദ്രസമീപമേഖലയിൽനിന്നു് 6,45,229-ം. അങ്ങിനെ ആകെ 26,54,464 ആണ് ആകെപ്പാടെ അതുമായി ബന്ധപ്പെട്ടുനിൽക്കുന്ന അദ്ധ്യാപകരുടെ എണ്ണം.

കൺഫെഡറേഷൻ അതിൻെറ പ്രവർത്തനപരിധി വിപുലമാക്കിക്കൊണ്ടാണിരിക്കുന്നതു്. അഞ്ചു വിദഗ്ദ്ധക്കമ്മററികൾ ഇന്നു് ഗവേഷണപ്രവർത്തനത്തിലേർപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസസംബന്ധമായ പത്രപ്രവർത്തനം, ഗ്രാമീണവിദ്യാഭ്യാസം, അംഗവൈകല്യം സംഭവിച്ചിട്ടുള്ള കുട്ടികളുടെ വിദ്യാഭ്യാസം, സാങ്കേതികവും തൊഴിൽപരവുമായ വിദ്യാഭ്യാസം, വയോജനവിദ്യാഭ്യാസം എന്നീ കാര്യങ്ങളിലാണ് അവർ ശ്രദ്ധിച്ചുവരുന്നതു്. കൺഫെഡറേഷൻെറ അഫ്റോ-ഏഷ്യൻ വിഭാഗത്തിൻെറ ഒരു സമ്മേളനം 1958 ഏപ്രിലിൽ സിലോണിൽ ചേരുകയുണ്ടായി. അതിനെതുടർന്ന് വിദ്യാഭ്യാസംസംബന്ധിച്ച വിദഗ്ദ്ധാഭിപ്രായങ്ങൾ നൽകുന്നതിനുതകുന്ന ഒരു പ്രത്യേകകമ്മററി, ഏഷ്യയിലേയും ആഫ്രിക്കയിലേയും രാജ്യങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധം സംഘടിപ്പിക്കുകയുണ്ടായി. ഈ കമ്മററിയുടെ ഒരു പ്രാദേശിക ഏഷ്യൻസമ്മേളനം കഴിഞ്ഞ ഏപ്രിലിൽ കുലാലമ്പൂരിൽ ചേരുകയുണ്ടായി. ആഫ്രിക്കയിലെ പ്രാദേശികസമ്മേളനം ഉഗണ്ടായിലെ കമ്പാലയിലും മേയ് മാസത്തിൽ നടന്നു. ഇക്കൊല്ലത്തെ അസംബ്ലി സമ്മേളിച്ചതു് ആംസ്റ്റർഡാമിൽ വച്ചായിരുന്നു എന്നു് മുമ്പു പ്രസ്താവിക്കുകയുണ്ടായല്ലോ. ഐക്യരാഷ്ട്രസഭയുടെ പ്രത്യേകഘടകങ്ങളായ യു. എൻ. ഈ. എസ്. സി. ഒ. യും, എഫ്. എ. ഒ. യും കൺഫെഡറേഷൻെറ വിദഗ്ദ്ധാഭിപ്രായങ്ങൾ ആവശ്യമായ കാര്യങ്ങൾക്ക് ആരായാറുണ്ട്. വിദ്യാഭ്യാസവിഷയങ്ങളിൽ നേരിട്ടോ അല്ലാതെയോ പ്രാധാന്യമർഹിക്കുന്ന കാര്യങ്ങളിൽ ഐക്യരാഷ്ട്രസഭയുടെ വിദഗ്ദ്ധസമിതികൾ കൺഫെഡറേഷൻെറ അഭിപ്രായങ്ങൾ ചോദിക്കുന്നതും അസാധാരണമല്ല.

കൺഫെഡറേഷൻെറ പ്രസിദ്ധീകരണങ്ങളുടെ കാര്യം ഇവിടെ സൂചിപ്പിക്കേണ്ടതു് ആവശ്യമാണ്. അസംബ്ലിയുടെ നടപടികളുടെയും പ്രമേയങ്ങളുടെയും പൂർണ്ണരൂപം ആണ്ടുതോറും പ്രസിദ്ധപ്പെടുത്തുക പതിവാണ്. 'പനോറമ' (Panorama) എന്നതു് വിദ്യാഭ്യാസവിഷയങ്ങളെക്കുറിച്ചുള്ള വിദഗ്ദ്ധലേഖനങ്ങൾ മൂന്നുമാസത്തിലൊരിക്കൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു പ്രസിദ്ധീകരണമാണ്. അതുകൂടാതെ മാസംതോറും 'എക്കോ' (Echo) എന്ന പേരിൽ വാർത്തകളും പ്രസിദ്ധപ്പെടുത്തിവരുന്നു. ഇവ രണ്ടും ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ്, ജാപ്പനീസ് എന്നീ ഭാഷകളിൽ ആണ് പുറത്തു വരാറുള്ളതു്.

(കൂടുതൽ ചിത്രങ്ങൾ അടുത്ത പേജുകളിൽ)



മുകളിൽ:– അമേരിക്കൻ പ്രതിനിധിസംഘം പൊതുസമ്മേളത്തിൽ.

താഴെ:– പൊതുസമ്മേളനത്തിൻെറ ഒരു വീക്ഷണം—ആഫ്രിക്കയിൽനിന്നെത്തിയിട്ടുള്ള പ്രതിനിധികളെ മുൻവരിയിൽ കാണാം.

